# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *376

17/12/2014-ൽ മറുപടിക്ക്

**മിഷൻ 676ൽ ഉൾപ്പെടുത്തിയ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.കെ. ബാലൻ എം.എൽ.എ.**<br>**ശ്രീ. ബി. സത്യൻ എം.എൽ.എ.**<br>**ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ.**<br>**ശ്രീ. കെ.വി. വിജയദാസ് എം.എൽ.എ.** | **ശ്രീ. എ.പി. അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) മിഷൻ 676 പദ്ധതിയായി പട്ടികജാതി വികസന വകുപ്പ് പ്രഖ്യാപിച്ച വാത്സല്യ നിധി, വിദ്യാജ്യോതി, സ്മൃതിവനം, വായ്പ എഴുതിത്തള്ളൽ എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ; | എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട **50,000/-** രൂപ വരെ വാർഷിക വരുമാനമുള്ള മാതാ പിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻ നിർത്തി ഓരോരുത്തരുടെയും പേരിൽ 18 വയസ്സ് പൂർത്തിയാകുമ്പോൾ പിൻവലിക്കാമെന്ന രീതിയിൽ **50,000/-** രൂപ വീതം സ്ഥിരം നിക്ഷേപം നടത്തുന്നതാണ് വാത്സല്യനിധി പദ്ധതി.<br><br>2) സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയ ശതമാനം പൊതു വിഭാഗത്തിനു തുല്യമാക്കി ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് **"വിദ്യാജ്യോതി"** പദ്ധതി<br><br>3) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കുന്നതിനും നിലവി ലുള്ളവ നവീകരിച്ച് സംരക്ഷിക്കുന്നതിനുമുള്ള പദ്ധതിയാണ് സ്മൃതിവനം പദ്ധതി.<br><br>4) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷ നിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ **ഒരു ലക്ഷം രൂപ** വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി. |

| | |
|---|---|
| ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | ബി) 1) **വാത്സല്യനിധി** : ഐശ്വര്യ ശ്രീ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉപധനാഭ്യർത്ഥന മുഖേന പുതിയ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ വകയിരുത്തിയിട്ടുണ്ട്. ഐശ്വര്യശ്രീ എന്ന പദ്ധതി വാത്സല്യനിധി എന്ന പേരിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പൊതുമേഖലാ ബാങ്കുകൾ / ട്രഷറി / സംസ്ഥാന ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അതിൽ ഗുണഭോക്താവിന് ഏറ്റവും ഗുണകരമായത് ഏതെന്ന് ധനകാര്യ വിദഗ്ദ്ധനുമായി ചർച്ച ചെയ്ത് പരിശോധിച്ച് സമർപ്പിക്കണമെന്ന നിർദ്ദേശ പ്രകാരം പട്ടികജാതി വികസന ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.<br><br>2) **വിദ്യാജ്യോതി** : ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 1,85,000 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി ഓരോരുത്തർക്കും 2000 രൂപ വീതം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം ഇതിനകം തന്നെ 37 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3) **ശ്മശാനങ്ങളുടെ നവീകരണം** : 27 ശ്മശാനങ്ങൾ ഓരോന്നും പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 10 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള 140.09 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

4) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2010 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

സി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന തുകയും അധികമായി അനുവദിച്ച തുകയും എത്രയാണ് ?

സി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിരുന്നില്ല. വാത്സല്യനിധി പദ്ധതി നടപ്പിലാക്കുന്നതിനായി 1-ാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 1000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. സ്മൃതിവനം പദ്ധതിയ്ക്ക് 180.44 ലക്ഷം രൂപ അനുവദിച്ചത് കോർപ്പസ് ഫണ്ടിൽ നിന്നുമാണ്. വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി 1,85,000 പ്രൈമറി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനായി 2000 രൂപ വീതം അനുവദിച്ചത് കോർപ്പസ് ഫണ്ടിൽ നിന്നാണ്.

മിഷൻ 676 പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭരണാനുമതി പുറപ്പെടുവിച്ചതും, പുറപ്പെടുവിക്കാനുള്ളതുമായ എല്ലാ പദ്ധതികൾക്കും, അവ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് റീ അപ്രോപ്രിയേഷൻ മുഖേനയോ, കോർപ്പസ് ഫണ്ടിൽ നിന്നോ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

Sd/- K.J
സെക്ഷൻ ഓഫീസർ